പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1611

21.03.2012 ൽ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പ് പദ്ധതിയെ കാർഷിക മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയെ കേരളത്തിൽ പൂർണ്ണമായും കാർഷിക മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിന് കൃഷി വകുപ്പിന്റെ മതിയായ ഇടപെടൽ ഉണ്ടാകുമോ; | (എ) ദേശീയ തൊഴിലുറപ്പ് പദ്ധതി കാർഷിക മേഖലയിൽ പരമാവധി ഉപയോഗപ്പെടുത്താൻ കൃഷി വകുപ്പ് ശ്രമിക്കുന്നതാണ്. |
| (ബി) ഇത് സംബന്ധിച്ച് പ്രാദേശികാടിസ്ഥാനത്തിൽ കാർഷിക സർവ്വേ നടത്തുന്നതിന് തീരുമാനമുണ്ടാകുമോ; | (ബി) നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) കൃഷിയും അനുബന്ധ വകുപ്പുകളുമായി ബന്ധപ്പെട്ട് തരിശുഭൂമികളിൽ കൃഷി നടപ്പാക്കുന്നതിനുള്ള പാക്കേജ് തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് സാദ്ധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) നടപ്പ് സാമ്പത്തിക വർഷം പൊതുജനപങ്കാളിത്തത്തോടെ കൃഷി ഭവനുകൾ വഴി ഭക്ഷ്യ സുരക്ഷയ്ക്കായി 1500 ഹെക്ടർ തരിശ് ഭൂമിയിൽ നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിന് പദ്ധതി ശീർഷകം 2401-00-102-80 പ്ലാൻ-ൽ 500 ലക്ഷം രൂപയുടെ പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പാക്കിവരുന്നു. തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെ നിലവിലുള്ള പദ്ധതികൾ സമന്വയിപ്പിച്ചുകൊണ്ട് പരമാവധി തരിശ് ഭൂമിയിൽ കൃഷിയിറക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ